ഗവ: ഹൈസ്കൂൾ കുറുമ്പാല

# ലിറ്റിൽ ന്യൂസ് ജൂൺ 2024



## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

## പ്രവേശനോത്സവം സംഘടിപ്പിച്ചു

2024-25 അധ്യയന വർഷം ജൂൺ 3 ന് പ്രവേശനോത്സവത്തോടെ തുടക്കമായി. എൽ കെ ജി മുതൽ പത്താം തരം വരെയുമുള്ള ക്ലാസിലേക്ക് ഈ വർഷം പുതുതായി ധാരാളം കുട്ടികൾ ചേരുകയുണ്ടായി.നവാഗതരെ ചെണ്ട മേളത്തിൻെറ അകമ്പടിയോടെ സ്വീകരിച്ചു. ചടങ്ങിൽ ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ് സ്വാഗതം പറഞ്ഞു. പി ടി എ പ്രസിഡൻറ്റിൻ റ് മുഹമ്മദ് ഷാഫിയുടെ അധ്യക്ഷത യിൽ പടിഞ്ഞാറ ത്തറ ഗ്രാമ പഞ്ചായത്ത് മെമ്പർ ബുഷറ വൈശ്യൻ ഉദ്ഘാടനം ചെയ്തു.സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി ചെയർമാൻ കാഞ്ഞായി ഉസ്മാൻ,വിദ്യാഭ്യാസ വാർഡ് തല കൺവീനർ ഇ സി അബ്ദുള്ള,പി ടി എ, എം പി ടി എ, എസ് എം സി അംഗങ്ങൾ,രക്ഷിതാക്കൾ എന്നിവർ പങ്കെടുത്തു. കുട്ടികൾക്ക് മധുരവും, പഠനോപകരണങ്ങളും സമ്മാനിച്ചു.












## എക്സലെൻസ് അവാർഡ്




2024 മാർച്ചിലെ എസ് എസ് എൽ സി പരീക്ഷയിൽ നൂറ് ശതമാനം വിജയം നേടിയ കുറുമ്പാല ഹൈസ്കൂളിന് എക്സലെൻസ് അവാർഡ്.കൽപ്പറ്റ നിയോജക മണ്ഡലം എം എൽ എ അഡ്വ. ടി സിദ്ധിഖ് ഏർപ്പെടുത്തുന്ന പുരസ്കാരത്തിനാണ് സ്കൂൾ തുടർച്ചായി രണ്ടാം വർഷവും അർഹത നേടുന്നത്. 29-06-2024 ന് കൽപ്പറ്റ ചന്ദ്രഗിരി ഓഡിറ്റോറിയത്തി ൽ സംഘടിപ്പിച്ച ചടങ്ങിൽ ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ്, പി ടി എ പ്രസിഡൻറ് മുഹമ്മദ് ഷാഫി എന്നിവർ കേരള മുൻ ചീഫ് സെക്രട്ടറി ജയകുമാറിൽ നിന്ന് പ്രശസ്തി പത്രം സ്വീകരിച്ചു.ചടങ്ങിൽ എസ് എസ്എൽ സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ കുട്ടികളെയും ഉപഹാരം നൽകി ആദരിക്കുകയുണ്ടായി.

## ഹെൽപ്പ് ഡെസ്ക്

എസ് എസ് എൽ സി പൂർത്തിയാക്കിയ കുട്ടികൾക്ക് പ്ലസ് വൺ പ്രവേശനത്തിനായി ഏകജാലക സംവിധാനത്തിൽ അപേക്ഷിക്കുന്ന തിനായി സ്കൂളിൽ ഹെൽപ്പ് ഡെസ്ക് സൗകര്യം ഒരുക്കി.



സ്കൂൾ ഐ ടി ചാർജുള്ള അധ്യാപകരും ലിറ്റിൽ കൈറ്റ്സ് കൈറ്റ്സ് അംഗങ്ങളും നേതൃത്വം നൽകി.

# അനുമോദിച്ചു



2023 വർഷത്തെ യു എസ് എസ് സ്കോളർഷിപ്പിന് അർഹത നേടിയ കുറുമ്പാല ഗവ. ഹൈസ്ക്കൂളിലെ ആദില ഫാത്തിമ, ഷിഫാന ഷെറിൻ






എന്നിവരെ കൽപ്പറ്റ നിയോജക മണ്ഡലം എം എൽ എ അഡ്വ.ടി സിദ്ധിഖ് അവറുകൾ ആദരിച്ചു. കൽപ്പറ്റയിൽ വെച്ച് നടന്ന ചടങ്ങിൽ കുട്ടികൾക്കുള്ള ഉപഹാരങ്ങൾ എം എൽ എ കൈമാറി.

# വായന ദിനം

വായന ദിനാചരണ പരിപാടികളുമായി ബന്ധപ്പെട്ട് വിദ്യാരംഗം കലാസാഹിത്യ വേദി,വിവിധ ഭാഷാ ക്ലബ്ബുകൾ എന്നിവയുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ നടത്തുകയുണ്ടായി.ജൂൺ 19 ന് നടത്തിയ ദിനാചരണ ചടങ്ങ് ചെന്നലോട് ഗവ.യു പി സ്കൂളിലെ ധനുപ എം കെ ഉദ്ഘാടനം ചെയ്തു.എൽ പി, യു പി, ഹൈസ്കൂൾ വിഭാഗങ്ങളിൽ വിവിധ മത്സര പരിപാടികളും സംഘടിപ്പിക്കകയുണ്ടായി.

# അഭിരുചി പരീക്ഷ

2024-27 ബാച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള അഭിരുചി പരീക്ഷ ജൂൺ 11 ന് സ്കൂളിൽ സംഘടിപ്പിച്ചു. പ്രത്യേക സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സംസ്ഥാന വ്യാപകമായിട്ടായിരുന്നു പരീക്ഷ നടത്തിയത്. 28 കുട്ടികൾ പരീക്ഷയിൽ പങ്കെടുക്കുകയും 24 പേർക്ക് സെലക്ഷൻ ലഭിക്കുകയും ചെയ്തു.



# പരിസ്ഥിതി ദിനാചരണം






ലോക പരിസ്ഥിതി ദിനം എക്കോ ക്ലബ്ബിന്റെ നേതൃത്വത്തിൽ ആചരിച്ചു.ഫോറസ്റ്റ് ഡിപ്പാർട്ടമെൻറ് നൽകിയ മാവിൽ തൈ നട്ട്കൊണ്ട് ഗ്രാമ പഞ്ചായത്ത് മെമ്പർ ബുഷറ വൈശ്യൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ്, ഫോറസ്റ്റ് ഡിപ്പാർട്ടമെൻറിലെ സുഭാഷ്, അധ്യാപകർ, ക്ലബ്ബ് അംഗങ്ങൾ പങ്കെടുത്തു. കുട്ടികൾ തൈകൾ കൊണ്ട്‌വരികയും സ്കൂൾ പരിസരത്ത് നട്ടു പിടിപ്പിക്കുകയും ചെയ്തു.കുട്ടികൾക്ക് പരിസ്ഥിതി ദിന സന്ദേശം നൽകുകയും,ഉപന്യാസ രചന, പോസ്റ്റർ രചന,ക്വിസ് തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.








